## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 430 — 11.06.2013 -ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

**ചോദ്യം**

ശ്രീ. എളമരം കരീം
" പി. കെ. ഗുരുദാസൻ
" സാജു പോൾ
" കെ. കെ. ജയചന്ദ്രൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രതിസന്ധി ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ; ബസുകളിൽ പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാർ നൽകിയതെന്ന് വ്യക്തമാക്കുമോ ; ഇത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇത് മറികടക്കുവാൻ സർക്കാർ ഉചിതമായ സാമ്പത്തിക സഹായം നൽകി വരുന്നു. <br> നിലവിൽ സി.എൻ.ജി കേരളത്തിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. സി.എൻ.ജി കേരളത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ കേന്ദ്ര സർക്കാരിൽ നിന്നും ഉചിതമായ സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നു. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്ത് സാമ്പത്തികസഹായം നൽകാമെന്നാണ് ഉറപ്പുനൽകിയിരിക്കുന്നത് ; | | |
| (സി) | ബസുകൾ എൽ.എൻ.ജി.യിലേക്ക് മാറ്റുന്നത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് പഠനം നടത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (സി) | എൽ.എൻ.ജി / സി.എൻ.ജി കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഉപയോഗിക്കുന്ന സാധ്യതകൾ മുൻ സർക്കാരിന്റെ കാലത്ത് പരിശോധിച്ചിരുന്നു. തുടർന്ന്, കേരളത്തിൽ സി.എൻ.ജി ലഭ്യമാകുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ബസുകൾ എൽ.എൻ.ജി.യിലേക്ക് മാറ്റുന്നതിന് എന്ത് സാമ്പത്തിക ബാദ്ധ്യത വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; ഇതിനുള്ള തുക എങ്ങനെ കണ്ടെത്താമെന്നാണ് കരുതുന്നത് ; | (ഡി) | ഒരു ബസ്സ് സി.എൻ.ജി.യിലേയ്ക്ക് മാറ്റുന്നതിന് നാല് ലക്ഷം രൂപ ചെലവു വരും. സി.എൻ.ജി.യിലേക്ക് മാറ്റം ചെയ്തതിനുശേഷം 12 വർഷമെങ്കിലും ടി ബസ്സുകൾ ഓടിച്ചാൽ മാത്രമേ മുടക്കു മുതൽ തിരിച്ചു കിട്ടുകയുള്ളു. ഈ സാഹചര്യത്തിൽ 3 വർഷത്തിൽ താഴെ യുള്ളവ മാത്രമേ സി.എൻ.ജി.യിലേക്ക് മാറ്റുവാൻ കഴിയു. |
| (ഇ) | ആവശ്യാനുസരണം എൽ.എൻ.ജി. ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ? | (ഇ) | കൊച്ചിയിലാണ് സി.എൻ.ജി. പ്രാഥമികമായി ലഭ്യമാക്കുക. കെ.എസ്.ആർ.ടി.സി.യുടെ തേവരയിലുള്ള സ്ഥലത്ത് പ്രകൃതിവാതക പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. പ്രാഥമിക പരിശോധന നടന്നു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ